Draft #4 of File 51240/AC A1-1/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2022 11:51 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കോവിഡ് 19 പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച നം. 516/ACA1/2021/എം.ജി.യു. തീയതി. 22.01.2021 ആയ സർവ്വകലാശാല ഉത്തരവ് - ഇന്റേണൽ മാർക്ക്, ഹാജർ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ - 2021 -2022 അദ്ധ്യയന വർഷത്തെ ഓൺലൈൻ, ഓഫ്‌ലൈൻ ക്ളാസുകളിലെ വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6402/AC A 1/2022/എം.ജി.യു	പ്രിയദർശിനി ഹിൽസ്,തീയതി: 21.06.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 516/ACA1/2021/എം.ജി.യു. തീയതി. 22.01.2021

2. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന സന്നദ്ധ സേന അംഗങ്ങളായിട്ടുള്ള വിദ്യാർത്ഥികളുടെ ഹാജർ ഇളവുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ ഗവ. ലോ കോളേജ് സെക്രട്ടറി, സ്റ്റുഡന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ നൽകിയ അപേക്ഷ.

3. 18.06.2022 തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 304/22.04/51240/ACA1-1/2020/VC SECTION.

**ഉത്തരവ്**

കോവിഡ് 19 മഹാമാരി മൂലം 2020-21 അദ്ധ്യയന വർഷം അദ്ധ്യാപനം ഓൺലൈൻ മാധ്യമത്തിലൂടെയായ സാഹചര്യത്തിൽ, ഓൺലൈൻ ക്ലാസ്സുകളിലെ ഹാജർ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം, 2020-'21 അദ്ധ്യയന വർഷം ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് സംബന്ധിച്ച് സർവ്വകലാശാല ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു.

- ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതിന് പകരം, അധികമായി നൽകുന്ന അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതാണ്.
- 75% ഹാജരുണ്ടെങ്കിലേ സർവ്വകലാശാല പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളൂ എന്ന സർവ്വകലാശാല നിയമം കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 അക്കാദമിക വർഷം റഗുലർ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കേണ്ടതില്ല.

എന്നാൽ കോവിഡ് 19 മഹാമാരി തുടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, 2021-'22 അദ്ധ്യയന വർഷത്തെ അദ്ധ്യാപനവും ഓൺലൈൻ ആയി തന്നെ തുടരുന്നതിനാൽ സന്നദ്ധസേന

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അംഗങ്ങളായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുൾപ്പെടെയുള്ള നിരവധി വിദ്യാർത്ഥികൾക്ക് ടി ഓൺലൈൻ ക്ലാസ്സുകളിൽ യഥാസമയം പങ്കെടുക്കുവാൻ സാധിക്കാതെ വരികയും, ഹാജർ നഷ്ടപ്പെടുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നുവെന്നും ആയതിനാൽ സന്നദ്ധ സേന അംഗങ്ങളായി പ്രവർത്തിക്കുന്ന ടി വിദ്യാർത്ഥികളുടെ നഷ്ടപ്പെടുന്ന ക്ലാസുകളിലെ ഹാജരിൽ ഇളവുകൾ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു.

ടി വിഷയം പരിഗണിച്ച 18.06.2022 തീയതി കൂടിയ സിൻഡിക്കേറ്റ്, ***കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് പരാമർശം (1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവിലെ ഇന്റേണൽ മാർക്ക്,ഹാജർ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഓൺലൈൻ ആൻഡ് ഓഫ്‌ലൈൻ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കിക്കൊണ്ട് 31.03.2022 വരെ ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചു.***

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദയകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അഫിലിയേറ്റഡ് കോളേജുകൾ/ പഠനവകുപ്പുകൾ
2. വൈസ് ചാൻസലർ/പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/എഫ് ഒ/സി.ഇ എന്നിവരുടെ പി എ മാർ
4. എ ആർ/ഡി ആർ (അക്കാദമിക്/പരീക്ഷ )/ജെ ആർ 2(ഭരണം)
5. യൂണിവേഴ്സിറ്റി വെബ് സൈറ്റ് /ഐ.ടി. സെൽ
6. എസിസി1/എസിസി2/എ.ടി.ആർ
7. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ /ഐ.ക്യൂ.എ.സി
8. കരുതൽ ഫയൽ/ഫയൽ കോപ്പി/ റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 51240/AC A1-1/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2022 11:51 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം